LIBRARY ARCHIVES Kerala Legislative Assembly

COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE BUDGET SESSION, 1122

Friday, *the* $\frac{\textit{8th August 1947}}{\textit{23rd Karkadagam 1122}}$

The Council met in the Council Hall, Ernakulam. at half-past Eleven of the Clock with the Hon'ble President (Mr. L. M. PYLEE, M. A., B.L.) in the Chair.

Messrs. K. Kochukuttan, Parambi Lonappen, S. P. Luiz, M. Sivarama Menon, P. E. Warne, Rao Bahadur T. S. Narayana Ayyar, and Mrs. Dakshayani Velayudhan were absent.

1. QUESTIONS AND ANSWERS

JAGGERY PURCHASE OFFICER—Mr. ISAAC

260. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊട്ടമുടി ശക്കര പർച്ചേസിംഗ് ആപ്പീസ്സറായിരുന്ന മിസ്റ്റർ എം. ജെ. ഐസക്കിനെ സസ്പെണ്ട ചെയ്യാനുള്ള കാരണമെന്ത്;

(ബി) സസ്പെണ്ട ചെയ്തകൊണ്ട ഗവണ്മെണ്ട പാസ്സാക്കിയിരുന്ന ഉത്തരവ് അനുബന്ധമായി ചേക്കാമോ;

(സി) ആ ഉദ്യോഗസ്ഥന്റെ പേരിലുള്ള ആക്ഷേപങ്ങളെപറ്റി ആരാണ് അനേഷണം നടത്തിയത്;

(ഡി) ആ ഉദ്യോഗസ്ഥന്റെ പേരിലുള്ള ആക്ഷേപം കൊണ്ടുവന്നത് ആരാണ്;

(ഇ) ആരുടെ പക്കലാണ് ആക്ഷേപം കിട്ടിയത്;

(എഫ്) സസ്പെൻഷൻ ഉത്തരവിൽ പറഞ്ഞിരിക്കുന്ന സ്റ്റാൻറിംഗ് ആർഡർ അനുസരിച്ചുള്ള അനേഷണവും കുറ്റപത്രം തയ്യാറാക്കലും ഉണ്ടായോ;

(ജി) എന്തായിരുന്നു ആ അനേഷണത്തിന്റേയും കുറ്റപത്രത്തിന്റേയും പര്യവസാനം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മിസ്റ്റർ ഐസക്കിന്റെ പേരിൽ പല ആക്ഷേപങ്ങളും ഗവണ്മെണ്ടിനു ലഭിക്കയും അവ അടിസ്ഥാനരഹിതമല്ലെന്നു ഗവണ്മെണ്ടിനു ബോദ്ധ്യംവരികയും ചെയ്തതിനാൽ അവയെപ്പറ്റി ഒരു തീരുമാനത്തിലെത്തുന്നതുവരെ മിസ്റ്റർ ഐസക്കിനെ സസ്പെണ്ട ചെയ്തു.

(ബി) ഉത്തരവ് അനുബന്ധമായി ചേത്തിരിക്കുന്നു. (Appendix I)

(സി) ഫസ്റ്റ് സപ്ലൈ ഡയറക്ടർ.

(ഡി) (ഇ) ഒരു ഉദ്യോഗസ്ഥൻ ഗവണ്മെണ്ടിനും, എ. നടരാജൻ ചെട്ടിയാർ എന്നാളുടെ പക്കൽനിന്നു ഒരു ഹർജി ഫസ്റ്റ് സപ്ലൈ ഡയറക്ടക്കും ലഭിക്കുകയുണ്ടായി.

(എഫ്) ഉവ്വ്.

(ജി) മിസ്റ്റർ ഐസക്കിനെ സർവ്വീസിൽനിന്നു ഒഴിഞ്ഞുപോകുവാൻ അനുവദിച്ചു.

261. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഉദ്യോഗത്തിൽനിന്നും ഡിസ്മിസ്സ് ചെയ്യാതെ പിരിഞ്ഞുപോകുവാൻ അനുവദിക്കണമെന്ന മിസ്റ്റർ എം. ജെ. ഐസക്ക് ഗവണ്മെണ്ടിലേക്ക് അപേക്ഷിച്ചിരുന്നുവൊ;

(ബി) അദ്ദേഹത്തിന്റെ ഹർജി അനുബന്ധമായി ചേക്കാമോ;

(സി) ആരായിരുന്ന അദ്ദേഹത്തിന്റെ വക്കീൽ;

(ഡി) വക്കിലിന്റെ വാദം ആരാണ് കേട്ടത്;

(ഇ) അതിനെപ്പറ്റി എന്തു തീരുമാനമാണ ഗവണ്മെണ്ട് എടുത്തത്;

(എഫ്) ഗവണ്മെണ്ടുത്തരവ് അനുബന്ധമായി ചേക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) ഫർജി അനുബന്ധമായി കൊടുത്തിട്ടുണ്ട്. (Appendix II)

(സി) മിസ്റ്റർ തോമാസ്സ് മാഞ്ഞൂരാനും മിസ്റ്റർ എം. ഭാസ്കരമേനവനും.

(ഡി) വിദ്യാഭ്യാസമന്ത്രി.

(ഇ) സർവ്വീസിൽനിന്നും പിരിഞ്ഞുപോകുവാൻ മിസ്റ്റർ ഐപ്പക്കിനെ അനുവദിച്ചു.

(എഫ്) ഗവണ്മെണ്ടുത്തരവു് അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix II)

Mr. K. A. Raghavan *(Nominated)*: I request the Hon'ble President to allow me to put questions 260 and 261 together.

Mr. President: Yes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തിന്റെ പേരിൽ ഉണ്ടായിരുന്നതും ഇപ്പോഴും ഉള്ളതും ആയ ആക്ഷേപങ്ങൾ തെളിയാനോ തെളിയിക്കാനോ പ്രയാസമാണെന്ന ഗവണ്മെണ്ടിനു ബോദ്ധ്യംവന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തിന്റെ പേരിൽ ഗവണ്മെണ്ടിനു ചില സംശയങ്ങൾ ഉണ്ടായിരുന്നു. സംശയങ്ങൾ ഉണ്ടാകുന്ന സന്ദർഭത്തിൽ ഉപയോഗിക്കുന്ന രീതി അനുസരിച്ചാണു് ഈ കാര്യത്തിൽ പ്രവർത്തിച്ചിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: "That the allegations are not baseless" എന്നു് പറഞ്ഞിട്ടുണ്ടു്. ഇതു ഫൈനൽ ഓർഡറാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതു് പ്രിലിമിനറി ഓർഡറാണു്. ഇതിനു രണ്ടു സ്റ്റേജുകളുണ്ടു്. സംശയം തോന്നിയാൽ ആദ്യം സസ്പെൻഷൻ ഓർഡർ കൊടുക്കാം. സസ്പെൻഷനിൽ നിർത്തിയതിനുശേഷമാണു് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതു്.

There was a case of suspicion but no proof. In such cases a certain procedure is laid down.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തെ അറിയിക്കുന്നതിനുമുമ്പു് അദ്ദേഹത്തിന്റെ പേരിൽ കേസ്സു് ചാർജ്ജുചെയ്ത ഗവണ്മെണ്ടിലേക്കു റിപ്പോർട്ടു ചെയ്യുകയുണ്ടായൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്റ്റാൻറിങ്ങു് ഓർഡർ പ്രകാരം ഒരു നടപടിയെടുക്കുന്നതിനുമുമ്പു് ചാർജ്ജു് ഫ്രൈം ചെയ്യണമെന്നുണ്ടു്. അതുപ്രകാരം ചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവണ്മെണ്ടിലേക്കു റിപ്പോർട്ടുചെയ്യുന്നതിനുമുമ്പു് ആക്ഷേപിക്കുന്ന അറിവുകൊടുക്കുകയുണ്ടായൊ എന്നാണു് എന്റെ ചോദ്യം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവണ്മെണ്ടിലേക്കു റിപ്പോർട്ടുചെയ്യുന്നതിനുമുമ്പു് ഇയാളോടു സമാധാനം ചോദിക്കുകയുണ്ടായൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹം ഒരു കുറ്റം ചെയ്തു എന്ന ബോധം ഗവണ്മെണ്ടിനു വന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു കുറ്റം ചെയ്തു എന്നു പറയത്തക്കവണ്ണം വേണ്ടിടത്തോളം തെളിവില്ല. ചില സംശയങ്ങൾ ഉണ്ടു്. നടരാജൻ ചെട്ടിയാർ എന്ന ഒരു കച്ചവടക്കാരന്റെ ഫർജിയാണു് ശരിയായി ഒപ്പിട്ടതായി കിട്ടിയിട്ടുള്ളതു്. പിന്നീടു ഉത്തമഫർജിയും കിട്ടിയിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: രേഖാപ്രകാരം ഒരു നിയമകോടതിയിൽ തെളിയിക്കുവാൻ സാധിക്കാത്തവിധത്തിൽ ഒരു കൃത്രിമം അദ്ദേഹം ചെയ്തിട്ടുണ്ടെന്നു് ഗവണ്മെണ്ടിനു് ബോദ്ധ്യം വന്നിട്ടില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തിന്റെ പേരിൽ സംശയമുണ്ടു്.

The Food Supplies Director recommended that a lenient view may be taken. He was allowed to go out of service as requested by him.

Mr. K. S. Panicker *(Ezhuvas-Trichur)*: The request is, "To accept this my resignation without prejudice to the possibility of future employment in the State service. അതനുസരിച്ചാണൊ ഗവണ്മെണ്ടു റസിഗ്നേഷൻ സ്വീകരിച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ ഓർഡർ മുഴുവൻ വായിച്ചുനോക്കിയാൽ എങ്ങിനെയാണ സ്വീകരിച്ചിട്ടുള്ളതു് എന്നു കാണാം. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ എങ്ങിനെയാണ ചെയ്യേണ്ടതു് എന്നു സ്റ്റാൻറിങ്ങ് ഓർഡറിൽ പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചാണ ചെയ്തിട്ടുള്ളതു്. അതിന്റെ അർത്ഥം പിരിഞ്ഞു പോകണമെന്നു പറഞ്ഞു് അദ്ദേഹം അപേക്ഷിക്കുകയുണ്ടായി, അതനുസരിച്ചു പ്രവർത്തിച്ചു എന്നുമാത്രമേയുള്ളു.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: സംശയമുണ്ടായിട്ടാണല്ലൊ ചാർജ്ജു് പ്രൈം ചെയ്തതു്. ചാർജ്ജു് പ്രൈം ചെയ്തതിനുശേഷം മറ്റു ഇൻവെസ്റ്റിഗേഷൻ നടത്തിയില്ലെ; അതിന്റെ റിപ്പോർട്ടിന്മേൽ ഉണ്ടായ ഓർഡർ അനുസരിച്ചാണൊ അദ്ദേഹം രാജിവെച്ചതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല. രാജിവെച്ചു പോകാൻ അനുവാദം തരണമെന്നു് അദ്ദേഹം ഗവർമ്മെണ്ടിലേക്കു് അപേക്ഷിക്കുകയുണ്ടായി. അതു ഗവർമ്മെണ്ടനുവദിച്ചു. അതുപ്രകാരം രാജിവെച്ചൊഴിഞ്ഞു പോകുകയാണ ചെയ്തതു്.

Mr. K. Balakrishna Menon *(Cheruthuruthi)*: Para 3 of the order. At this stage he put in a petition

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതുതന്നെയല്ല പെറ്റീഷനിൽ ഉണ്ടായിരുന്നതു്. We simply complied with his request.

Mr. Paramel Ipe Ipe *(Kunnamkulam)*: Whether the evidence gathered in the enquiry made by the Department has come up to the required standard, even to meet out a Departmental punishment.

Mr. P. Govinda Menon *(Minister for Food and Education)*: As a matter of fact there is no evidence. That is the difficulty.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഗവർമ്മെണ്ടു മേഗത്തുനിന്നു പറയുന്നതു കുറ്റം ചെയ്തു എന്നുള്ളതിനു വേണ്ടതായ തെളിവു കിട്ടിയില്ലായെന്നല്ലേ; എന്തുകൊണ്ടു് ഇതുവരെ കാര്യങ്ങൾ അന്വേഷിക്കാൻ പോലീസ് ഡിപ്പാർട്ടുമെൻറിനെ ഏല്പിച്ചില്ല?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതുവരെ സംഗതികൾ അതായതു ഡിപ്പാർട്ടുമെണ്ടു തന്നെയാണ് ഇൻവെസ്റ്റിഗെറ്റ് ചെയ്തുന്നതു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പോലീസ് ഡിപ്പാർട്ടുമെണ്ടിൽനിന്നു് ഇൻവെസ്റ്റിഗെറ്റ് ചെയ്യാൻ എന്താണ് വിരോധം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിരോധമില്ല. പക്ഷേ ഇങ്ങിനെയുള്ള കേസ്സുകൾ അതായതു ഡിപ്പാർട്ടുമെണ്ടിൽനിന്നു തന്നെയാണു ഇൻവെസ്റ്റിഗെറ്റ് ചെയ്യാറു പതിവു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സ്റ്റാൻറിങ്ങ് ഓഡർ നമ്പ്രു് വ്യ്യ ഒന്നു് വായിച്ചാൽ കൊള്ളാം.

Mr. P. Govinda Menon *(Minister for Food and Education)*: "In some cases a compromising suspicion may in itself be sufficient reason for removing a subordinate from the service of Government. In such cases the fact should be plainly stated, and there should be no pretence of proof when there is only suspicion. The subordinate should not be dismissed with disgrace, but allowed to resign or simply relieved of his office. The exact case against him should be carefully recorded, so that he may, if possible, satisfy any other employer"

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഫുഡ് സപ്ലൈ ഡയറക്ടർ എ. നടരാജൻ ചെട്ടിയാർ എന്നാളുടെ പക്കൽനിന്നു് ഒരു ഹർജി ലഭിക്കുകയുണ്ടായി എന്നു് ഞൻസറിൽ കാണുന്നുണ്ടു്. അതിനെപ്പറ്റി നടപടിയെടുത്തതായി ഒന്നും പറയുന്നില്ല. അതിനെപ്പറ്റി യാതൊരു നടപടിയുമെടുത്തിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ ഹർജിയെപ്പറ്റി അന്വേഷണം നടത്തിയപ്പോൾ വേറെ ചില കച്ചവടക്കാരുടെ അടുക്കൽ നിന്നായിരുന്നു ശക്കർ വാങ്ങേണ്ടിയിരുന്നതു്, അദ്ദേഹത്തിന്റെ അടുക്കൽനിന്നു് ശക്കർ വാങ്ങേണ്ടതില്ലായിരുന്നു, അതുകൊണ്ടു് അദ്ദേഹത്തോടു വാങ്ങാതിരുന്നതു് തെറ്റല്ലെന്നു മനസ്സിലായതിനാൽ അതിനെപ്പറ്റി നടപടിയൊന്നുമെടുത്തില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ഐസക്കിനോടു സമാധാനം ചോദിച്ചപ്പോൾ എന്താണ മറുപടി പറഞ്ഞതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ : എനിയ്ക്കു രാജിവെച്ചൊഴിഞ്ഞു പോകാൻ അനുവാദം തരണമെന്നാണു് സമാധാനം ചോദിച്ചപ്പോൾ പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ചാർജ്ജു് പ്രൈം ചെയ്യ എന്നു പറഞ്ഞുവല്ലോ, എന്തൊക്കെയാണു് ചാർജ്ജിൽ പറഞ്ഞിട്ടുള്ളതു് ?

Mr. P. Govinda Menon *(Minister for Food and Education):* It is a long matter. That he exported only inferior stuff when jaggery of superior quality was available in the market, (2) that he received money from the suppliers, (3) that he refused to accept the offers from the merchant other than the three selected by him.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May we know Sir, the Government's view in regard to this gentleman what is it ? has he accepted bribery or not.

Mr. P. Govinda Menon *(Minister for Food and Eductaion) :* There is a suspicion to that effect.

Mr. K. Balakrishna Menon *(Cheruthuruthi):* I suppose the Government take it as a very serious matter.

Mr. P. Govinda Menon *(Minister for Food and Education):* Yes. Government took it as a suspicion of a very serious nature.

Mr. K. Balakrishna Menon *(Cheruthuruthi):* Is it not incumbent upon the Government to refer the matter to the police?

Mr. P. Govinda Menon *(Minister for Food and Education):* Considering the nature of the materials before Government, Government do not consider that this is a fit case to be referred to the police.

Mr. K. Balakrishna Menon *(Cheruthuruthi):* Are the materials sufficient for the Government to have an impression that he has accepted bribe?

Mr. P. Govinda Menon *(Minister for Food and Education):* No. There is only a suspicion.

Mr. K. Balakrishna Menon *(Cheruthuruthi):* Then why should he be sent from service?

Mr. P. Govinda Menon *(Minister for Food and Education):* Under the Standing Orders. when there is a case of suspicion, he ought to be allowed to resign and go away.

Mr. K. Balakrishna Menon *(Cheruthuruthi):* May I bring to the notice of Government that in the first proceedings it is stated that after conducting a detailed investigation, Government have come to the conclusion that allegations are not baseless. On what basis? On the basis that he has accepted bribe.

Mr. P. Govinda Menon *(Minister for Food and Education) :* That is a preliminary order, not a final order.

Mr. K. Balakrishna Menon *(Cheruthuruthi):* On the basis of the data already placed before Government by the Director of Food Supplies, I ask the Government especially in view of the fact that bribery and corruption should be suppressed, should not the Government have at least to set an example. referred the matter to the Police?

Mr. P. Govinda Menon *(Minister for Food and Education) :* Sir, this is not a matter which under the rules should go to the Police.

Mr. P. Kumaran Ezhuthassan *(Vadakkancheri):* In view of the above allegations Government got a preliminary and detailed enquiry conducted and they have come to the conclusion that the allegations are not baseless. Serious charges having been disclosed in the enquiry against this officer, Government propose to conduct a further enquiry etc. Appendix II 4-ൽ ഇങ്ങിനെ പറയുന്നുണ്ടു് "The Director of Food Supplies has recommended that a lenient view may be taken about this case". ആരാണു് എൻക്വയറി നടത്തിയതു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഫുഡ് സപ്ലൈ ഡയറക്ടർ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : എൻക്വയറിക്കു ശേഷം അദ്ദേഹം തന്നെയാണൊ ചാർജ്ജു് പ്രൈം ചെയ്തതു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : എൻക്വയറി റിപ്പോർട്ടിൽ കുറ്റം ചെയ്തതായി പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ആദ്യത്തെ എൻക്വയറി റിപ്പോർട്ടിൽ ഇങ്ങിനെ ഒരു കുറ്റം അയാളുടെ പേരിൽ ഉള്ളതായി സംശയമുണ്ടായി. അതെല്ലാം ഈ റിപ്പോർട്ടിൽ തന്നെ പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഡയറക്ടർ ഇങ്ങിനെ റക്കമെൻഡുചെയ്തിരിക്കെ പി ന്നെ എന്തിനാണു S. O. യുടെ പ്രകാരം ചാർജ്ജു് ഫ്രൈംചെയ്തു സമാധാനം ചോദിക്കണ മെന്നു് തീരുമാനിച്ചതു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ റിപ്പോർട്ടിലെ ഒരു വാചകം മാത്രമെടുക്കാ തെ അതു് മുഴുവൻ വായിച്ചുനോക്കിയാൽ കാര്യം മനസ്സിലാകുന്നതാണു്. റിപ്പോർട്ട് കിട്ടി ക്കഴിഞ്ഞാൽ അതിനെപ്പറ്റി സംശയം തോന്നുന്നപക്ഷം ആദ്യം അയാളെ സസ്പെൻറിൽ നിർത്തി ചാർജ്ജു് ഫ്രൈം ചെയ്യും. അതിനുശേഷം എക്സ്പ്ലനേഷൻ ചോദിക്കും. എക്സ് പ്ലനേഷൻ കിട്ടിക്കഴിഞ്ഞാൽ ഫൈനൽ ഓർഡർ പാസ്സാക്കും. ഇങ്ങിനെയാണു് ചെയ്യാറു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചാർജ്ജു് ഫ്രൈം ചെയ്യണമെന്നു് ഫുഡ് സപ്ലൈ ഡയറക്ടരോടു് പറഞ്ഞിട്ടില്ലേ ?

Mr. P. Govinda Menon (*Minister for Food and Education*): The office pointed out that in such cases no action may be taken under the Standing Orders before framing charges.

Mr. K. Balakrishna Menon (*Cheruthuruthi*): May I know, Sir, if the Government are aware of the scandal in having allowed this gentleman to go so cheaply?

Mr. P. Govinda Menon (*Minister for Food and Education*): No. Sir.

Mr. K. Balakrishna Menon (*Cheruthuruthi*): Will the Government be pleased to note that there is a lot of scandal?

Mr. P. Govinda Menon (*Minister for Food and Education*): I would reqest the Hon'ble Member to remove the scandal.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: എൻകുയറി നടത്തിയതു് ഫുഡ്സപ്ലൈഡയറക്ടരാ ണെന്നു പറഞ്ഞുവല്ലൊ; അദ്ദേഹത്തിൻെറ എൻകുയറിയിൽ ഈ ആളുടെ പേരിലുള്ള അലി ഗേഷൻസു് എല്ലാം ഉള്ളതായി കാണുകയുണ്ടായില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫു്: ഗവണ്മെണ്ടുദ്യോഗസ്ഥന്മാരെപ്പറ്റി ഉദ്യമ ർജ്ജിവന്നാൽ അതിനെപ്പറ്റി യാതൊരു ആക്ഷനും എടുക്കരുതു് എന്നുള്ള വകുപ്പു സ്റ്റാൻ ഡിംഗു് ഓർഡറിൽ ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോക്കാതെ പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അപ്പുൻറിക്സു് പേ-ൽ പറയുന്ന ഹജ്ജിയെപ്പറ്റി വാദം നടത്തിയ തോമസ്സു് മാഞ്ഞൂരാൻ എന്നു പറയുന്ന മനുഷ്യൻ ആരാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹം ഒരു വക്കീലാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഹൈക്കോട്ടിൽനിന്നും റിട്ടയർചെയ്ത ചീഫ്ജഡ്ജി യാണോ അദ്ദേഹം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെന്നാണു തോന്നുന്നതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇന്നത്തെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ദ്ദേഹത്തിൻെറ പേരിലുള്ള എലക്ഷൻകമ്മീഷൻെറ ഓർഡറിനെപ്പറ്റി വിദഗ്ദ്ധാഭിപ്രാ യം വാങ്ങിയവരിൽപ്പെട്ട ഒരാളാണോ അദ്ദേഹം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടിനു് അതിനെപ്പറ്റി ഇൻഫർമേഷൻ ഒന്നുമില്ല.

മിസ്റ്റർ എം. ഐ. പോൾ: ചാർജ്ജു് ഫ്രൈംചെയ്ത എന്നു പറയുന്നതു് കുറ്റപത്രം തയ്യാറാക്കലല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്റ്റാൻഡിംഗു് ഓർഡർപ്രകാരമുള്ള ചാർജ്ജു് ഫ്രൈം ചെയ്യുന്നതിനു കുറ്റപത്രം എന്നു പറയുവാൻ പാടില്ല. മജിസ്ട്രേട്ടുകോടതിയിൽ തെളി വെടുത്തശേഷം കൊടുക്കുന്ന ചാർജ്ജിനാണു് കുറ്റപത്രം എന്നു പറയുന്നതു്.

Mr. M. K. Raja (*Mulakunnathukavu*): May I know whether the Government can examine whether even after the discharge of this officer from Government Service, there is scope for launching a criminal prosecution against him? (Hear, hear)

Mr. P. Govinda Menon (*Minister for Food and Education*): Government are satisfied there is no scope for a criminal prosecution.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: വ്യ ര ന്ന ക. ഫ ന ണ. ൽ സ. ഡപ്പോസിറ്റ ചെയ്യ എന്ന കാണുന്നുണ്ട്. അതു് ഏതുവകക്കുള്ളതാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹം ഇരിങ്ങാലക്കുട അസിസ്റ്റൻറ് സപ്ലൈ ഓഫീസ്സർ ആയിരുന്നകാലത്തു് ഡിപ്പാർട്ട്മെണ്ടിൻറെ മുൻകൂട്ടിയുള്ള സാങ്ക്ഷൻ വാങ്ങാതെ ടാൻസ്പോർട്ട് കണ്ടാക്ട് കൊടുത്തകാര്യത്തിൽ റിഫണ്ടുചെയ്യേണ്ടിവന്ന സംഖ്യയാണതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചാജ്ജ് ഫ്രൈചെയ്ത എന്നു പറഞ്ഞു. അതിനു സമാധാനം ബോധിപ്പിച്ചില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വ്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്താണ് സമാധാനം ബോധിപ്പിച്ചതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: രാജിവെച്ചു് ഒഴിഞ്ഞുപോകാൻ അനുവാദം തരണമെന്നപേക്ഷിക്കുകയാണ് ചെയ്തതു്.

മിസ്റ്റർ പി. എ. മുഹമ്മത് അഷ്റഫ്: രാജിവെച്ചു് ഒഴിഞ്ഞുപോകാൻ സമ്മതിച്ച ഒരു ഉദ്യോഗസ്ഥനെ മേലാൽ ഉദ്യോഗത്തിൽ വയ്ക്കുന്നതിനു വിരോധമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മേലാൽ ഉദ്യോഗത്തിൽ നിയമിയ്ക്കണമെന്ന ഉദ്ദേശത്തോടുകൂടിയല്ല രാജിവെക്കാൻ സമ്മതിച്ചതു്.

മിസ്റ്റർ പി. നാരായണമേനോൻ: Appendix ൽ പാരഗ്രാഫ് No. ൽ പറയുന്നതു് Accordingly definite charges were framed and the officer's explanations were called for എന്നാണ്. അതായതു് പ്രിലിമിനറി എൻകയറി നടത്തിയെന്നാണ്. അല്ലാതെ ഡീറെയിൽഡ് എൻകയറി നടത്തിയതായി പറഞ്ഞിട്ടില്ല. അതു നടത്താൻ വിചാരിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫുഡ്സപ്ലൈ ഡയറക്ടരെ സംബന്ധിച്ചിടത്തോളം അദ്ദേഹം നടത്തുന്ന എൻകയറി ഡീറെയിൽഡ് എൻകയറിയാണ്. അതിനുശേഷം ചാജ്ജ് ഫ്രൈം ചെയ്യാതെ സ്റ്റാൻറിങ്ങ് ഓർഡർപ്രകാരമുള്ള വ്യവസ്ഥ ശ്രദ്ധിക്കാതെ അദ്ദേഹം പണീക്കുമെൻറിനു റക്കമെൻറുചെയ്തു. എന്നാൽ ചാജ്ജു ഫ്രൈം ചെയ്തതിനുശേഷമെ അതു ചെയ്യുവാൻ പാടുള്ളു എന്നു് അദ്ദേഹത്തെ ഓർമ്മപ്പെടുത്തി.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പണിക്കുമെൻറിനു റക്കമെൻറുചെയ്ത എന്നു പറഞ്ഞുവല്ലൊ. എന്താണ റക്കമെൻറു ചെയ്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉദ്യോഗത്തിൽനിന്നു് ഒഴിവാക്കണമെന്നു്.

Mr. P. A. Mohamed Ashrof *(Cranganur)*: Sir, I find from the appendix the following "May I hence request you kindly to accept this my resignation without prejudice to the possibility of future employment in the State". Is he allowed to resign without prejudice or with prejudice for future employment?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതേനിലയിലാണ് ഉദ്യോഗത്തിൽനിന്നും ഒഴിഞ്ഞുപോകുവാൻ ഉടനെ ഓർഡർ കൊടുത്തതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചാജ്ജു ഫ്രൈംചെയ്ത ആളുടെ പേരിൽ ഫൈനൽ ഓർഡർ ഇഷ്യുചെയ്യുന്നതിനുമുമ്പു് ഡീറെയിൽഡ് എൻകയറി നടത്തിയില്ലെ? അതിൻറെ ഫലമെന്താണെന്നു് അന്വേഷിയ്ക്കാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിൻറെ ഫലം ഗവണ്മെണ്ടിനറിയാം.

Mr. P. Kumaran Ezhuthassan *(Vadakkanchari)*: Sir, the answer runs as follows—Mr. Isaac's request is sanctioned here like this. May I hence request you kindly to accept this my resignation without prejudice to the possibility of future employment in the State Service. Under the circumstances and especially in view of the fact that the Director of Food Supplies has recommended that a lenient view may be taken about the case, Government are pleased to allow Mr. Isaac to go out of service, request being to accept the resignation without prejudice for future employement. Therefore he is allowed to resign without prejudice to the future possibility of being employed over again by the Government. ഇതിനു നിർബ്ബന്ധിക്കുകയുണ്ടായില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഓർഡറിലെ ഈ വാചകത്തിൽനിന്നു ഞാൻ അങ്ങിനെയാണു മനസ്സിലാക്കിയതു".

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിലെ ഒരു വാചകംമാത്രം വായിക്കാതെ അതു മുഴുവൻ വായിക്കുകയാണെങ്കിൽ എന്താണു" അതിൽ പറഞ്ഞിട്ടുള്ളതെന്നു ശരിയായി മനസ്സിലാക്കുവാൻ സാധിക്കും.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: അതു വായിക്കാൻ എനിക്കു നിശ്ചയമുണ്ടു". അതിലെ ഓരോ വാക്കും ഞാൻ മനസ്സിലാക്കുകയുംചെയ്തു. അതിനുശേഷമാണു" ഞാൻ ചോദിക്കുന്നതു". അങ്ങിനെ രാജിവയ്ക്കാൻ സമ്മതിച്ചുതാണോ എന്നു". ഗവൺമെണ്ടു സമ്മതിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ അല്ലെന്നാണു" എനിയ്ക്കു പറയുവാനുള്ളതു".

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഈ ഓർഡർകൊണ്ടു" അതു കാണുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കാണും.

മിസ്റ്റർ കെ. എസ്സു". പണിക്കർ: ഡിപ്പാർട്ടുമെണ്ടിൽ പലവിധത്തിലുള്ള കൃത്രിമങ്ങൾചെയ്തു എന്നു ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടുകയും റിക്കാർഡുമൂലം തെളിയിക്കാൻ സാധിക്കാതെവരികയും ചെയ്തിട്ടുള്ള ആളുകളെ ഡിപ്പാർട്ടുമെണ്ടിൽനിന്നും പിരിച്ചയക്കുകയും ഡിസ്സ്മിസ്സ്ചെയ്തുകയുമല്ലെ ഇതിനുമുമ്പു ചെയ്തിരുന്നതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ. നോട്ടീസു" വേണം.

മിസ്റ്റർ പി. നാരായണമേനോൻ: പ്രിലിമിനറി എൻകുയറി നടത്താൻ സസ്പെറ്റുചെയ്തരാളെപ്പറ്റി ഡിറെക്ടയിൽഡു" എൻകുയറി നടത്തിയപ്പോൾ അദ്ദേഹത്തിൻെറപേരിലുള്ള കുറ്റം ശരിയല്ല അദ്ദേഹത്തെ ജോലിയിൽനിന്നും മഴിവാക്കാൻ തക്ക കുറ്റമൊന്നും ചെയ്തിട്ടില്ല എന്നു ഗവൺമെണ്ടിനു തോന്നിയാൽ അയാളെ വീണ്ടും ജോലിക്കെടുക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സസ്പെൻഷൻ കഴിഞ്ഞു" നടത്തുന്ന എൻകുയറിയിൽ കുറ്റം ചെയ്തിട്ടില്ലെന്നു തെളിയുകയാണെങ്കിൽ സസ്പെൻഷൻ കാൻസൽ ചെയ്യുമെന്നു വരാം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഫുഡ്"സപ്ലൈ ഡയറക്ടർ സ്ഥലത്തു" സ്റ്റോറുമെണ്ടു" എടുക്കാൻ ചെന്നപ്പോൾ ആരും ഉണ്ടായിരുന്നില്ല. ഡയറക്ടക്കു കുപ്പായമിറ്റി ഇല്ലാതിരുന്നതുകൊണ്ടല്ലെ സ്റ്റോറുമെണ്ടു കിട്ടാൻ ബുദ്ധിമുട്ടായതു"? അതുകൊണ്ടു" ഇൻവെസ്റ്റിഗേഷനു പരിചയമുള്ള ഒരാളെ അയക്കേണ്ട ആവശ്യമില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല. ഫുഡ്സപ്ലൈ ഡയറക്ടക്കു, പ്രാക്ടികുവാണെന്നു ആക്ടും ബോദ്ധ്യമില്ല. ഇക്കാര്യത്തിൽ വേണ്ട അനേഷണം നടത്താൻ തക്ക പരിചയം അദ്ദേഹത്തിനുണ്ടു".

മിസ്റ്റർ കെ. എ- രാഘവൻ: ഫുഡ്"സപ്ലൈ ഡയറക്ടർ ചാർജ്ജു" പ്രൊമോചെയ്തതനുസരിച്ചു" അദ്ദേഹത്തെ സസ്പെണ്ടു ചെയ്തിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല. അദ്ദേഹത്തിൻെറ റിപ്പോർട്ടനുസരിച്ചു" എൻകുയറി നടത്താൻവേണ്ടി സസ്പെണ്ടുചെയ്തു.

Mr. A. Eachara Menon *(Chittur-Tattamangalam)*: In the face of the report submitted by the Director of Food Supplies, after conducting detailed investigation, Government have no doubt that Mr. Isaac ought not to be allowed to continue in service.
ഈ കാര്യത്തിൽ ചെറിയ ഒരു ശിക്ഷ കൊടുത്തതു നന്നായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചെറിയ ശിക്ഷയല്ല. സ്റ്റാൻറിങ്ങു" ഓർഡർ പ്രകാരം കൊടുക്കാവുന്ന പരമാവധി ശിക്ഷയാണു കൊടുത്തിരിക്കുന്നതു".

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇതു പോലീസിനും" ഇൻവെസ്റ്റിഗേഷനും" വിട്ടുകൊടുക്കാൻ എന്താണു" വിരോധം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവൺമെണ്ടു" എടുത്തുവെച്ചിട്ടുള്ള മെറിറിയൽസു" വെച്ചു നോക്കുമ്പോൾ അങ്ങിനെ കൊടുക്കേണ്ട ആവശ്യമില്ലെന്നു തോന്നി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചാജ്ജ് ഫ്രൈചെയ്യ് ഒരു തീരുമാനമെടുക്കുന്നതിനു മുമ്പ് ഇതിനെപ്പറ്റി ഗവമ്മെണ്ടു വക്കീലിന്റെ അഭിപ്രായം എന്താണെന്നറിഞ്ഞിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ലീഗൽ എക്സ്സ്ട്ടിന്റെ അഭിപ്രായം അന്വേഷിയ്ക്കയുണ്ടായില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഐസാക്കു നിരപരാധിയാണെങ്കിൽ അദ്ദേഹത്തിന്റെ നിരപരാധിത്വം തെളിയുന്നതിന്നുമുമ്പ് ഇവിടെനിന്നു രാജിവെച്ചു പോകാൻ അനുവദിച്ചതു് ശരിയായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹം നിരപരാധിയാണെന്നു് ഞാനും പറഞ്ഞിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അദ്ദേഹം നിരപരാധിയായിരിക്കുമെന്നു പൂർണ്ണ ബോധ്യം വന്നിട്ടുള്ളതുകൊണ്ടല്ലേ അദ്ദേഹത്തെ വിട്ടയച്ചതു്?

മിസ്റ്റർ പി ഗോവിന്ദമേനോൻ: അദ്ദേഹത്തിന്റെ പേരിൽ സംശയമുണ്ടായപ്പോൾ അതിനുപയോഗിയ്ക്കേണ്ട രൂളകം അനുസരിച്ചു പ്രവർത്തിച്ചു.

മിസ്റ്റർ കെ. കെ. കണ്ണൻ: ഫുഡ് സപ്ലൈ ഡിപ്പാർട്ടുമെണ്ടിലെ പല കേസ്സുകളും പോലീസ്സ് ഇൻവെസ്റ്റിഗെറ്റ് ചെയ്തിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫുഡ് സപ്ലൈ ഡിപ്പാർട്ടുമെണ്ടിലെ ചില കേസ്സുകളും പോലീസ് ഇൻവെസ്റ്റിഗേഷൻ നടത്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഐസാക്കു നിരപരാധിയാണെന്നൊ, അപരാധിയാണെന്നൊ വിചാരിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാനെന്നോ, അല്ലെന്നോ പറയാൻ നിവർത്തിയില്ല.

മിസ്റ്റർ കെ. എ. രാഘവൻ: അദ്ദേഹം നിരപരാധിയാണെന്നോ, അപരാധിയാണെന്നോ മനസ്സിലാക്കാതെ അദ്ദേഹത്തെ വിട്ടയക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടു വളരെക്കാലമായി ഈ വക കാര്യങ്ങളിൽ ഉപയോഗിക്കുന്ന സ്റ്റാൻറിങ്ങ് ഓർഡർ അനുസരിച്ചു് ഈ കാര്യത്തിലും പ്രവർത്തിക്കുകയാണ് ചെയ്തതു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ഐസാക്കു് ൫൦,൦൦൦ രൂപായുടെ ശക്കരയാണു് വാങ്ങിയതു് എന്നു പറയുന്നു. ആരോടാണു് അതു് വാങ്ങിയതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു് വേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ബഹുമാനപ്പെട്ട മുളകുന്നത്തുകാവു മെമ്പർ ഒരു സപ്ലിമെൻറി ചോദ്യത്തിൽ ചോദിച്ച ആ സംഗതി, അതായതു് കുറവാളിയെ വെറുതെ വിട്ടതു ഗവമ്മെണ്ടു ചെയ്തതു ശരിയായിട്ടുള്ളതാണെങ്കിൽകൂടി, ഇതിനെ സംബന്ധിച്ചു പൊതുജനങ്ങളുടെയിടയിൽ ഇത്രയധികം ക്ഷോഭമുള്ള സ്ഥിതിക്കു് ഒരു ഇൻവെസ്റ്റിഗേഷനംകൂടി നടത്തി പരമാർത്ഥം വെളിപ്പെടുത്തുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒന്നാമതു് പൊതുജനങ്ങളുടെയിടയിൽ ക്ഷോഭമില്ല. അഥവാ ഉണ്ടെങ്കിൽതന്നെയും ആ ക്ഷോഭം ശമിപ്പിയ്ക്കാൻ ഒരാളെ ബലികഴിക്കണമെന്നു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഐസാക്കു് ഇരിങ്ങാലക്കുട ഒരു ബാങ്കിൽ ൨,൦൦൦ രൂപ നിക്ഷേപിച്ചിട്ടുള്ളതായി ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല. എന്നതന്നെയല്ലാ അങ്ങിനെ ഉണ്ടായിട്ടുമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സ്വന്തക്കാരനായ മറ്റാരുടെയെങ്കിലും പേരിൽ ബാങ്കിൽ നിക്ഷേപിച്ചിരുന്നുവോ എന്നും തീരെ പരിചയമില്ലാത്ത ഒരു യുവാവിനെ ഇത്ര ഗുരുതരപ്പെട്ട ഒരു ഉദ്യോഗസ്ഥനായി നിയമിച്ചതു്, ൫,൦൦൦ രൂപ വാർഫണ്ടിലേക്കു കൊടുത്തതുകൊണ്ടല്ലേ എന്നും പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ കെ എസ്സ്. പണിക്കർ: അയാളെ ഇത്ര ഗുരുതരപ്പെട്ട ഉദ്യോഗത്തിൽ വെച്ചതു് ആരാണു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനയ്ക്കറിയാൻ പാടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തെ ഈ അപകടത്തിൽനിന്നു രക്ഷിപ്പാൻ അദ്ദേഹത്തിന്റെ സ്വന്തക്കാരനായ ഒരു വകുപ്പധ്യക്ഷൻ ഇതിൽ ഇടപെട്ടിട്ടില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇരിങ്ങാലക്കുട ബാങ്കിൽ പണം നിക്ഷേപിച്ചിട്ടില്ല യെന്നു പറഞ്ഞു. മറെറവിടെയെങ്കിലും അദ്ദേഹം പണം നിക്ഷേപിച്ചിട്ടുള്ളതായി അറി യാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തെപ്പററി സംശയം തോന്നിയപ്പോൾ അദ്ദേഹത്തെ ഇതിൽ ഇൻക്രിമിനേററ് ചെയ്യാൻ എന്റെ സ്വന്തനിലയിൽക്കൂടി പല സ്രോതസ്സുകളായി അന്വേഷണങ്ങളും നടത്തി. പക്ഷേ അതുകൊണ്ടൊന്നും വലിയ ഗുണം കിട്ടി യില്ല.

A SPECIAL PANCHAYAT FOR KUZHUPPILLY VILLAGE—DETAILS REGARDING

262. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) കുഴുപ്പിള്ളി വില്ലേജിനു് ഒരു പ്രത്യേക പഞ്ചായത്തു വേണമെന്നുകാണിച്ചു സ്ഥലത്തെ നിവാസികൾ ഗവൺമെണ്ടിലേക്കു ഹർജികളും മറവും അയച്ചിട്ടില്ലെ;

(ബി) ഉണ്ടെങ്കിൽ അതിനെക്കുറിച്ചു ഗവൺമെണ്ടു് എന്തുചെയ്തു;

(സി) കുഴുപ്പിള്ളിക്കു് ഒരു പ്രത്യേക പഞ്ചായത്തു് അനുവദിപ്പാൻ എന്താണു വി രോധം?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉവ്വു്.

(ബി) ടി ഹർജികൾ പഞ്ചായത്തു ശുപാർശ കമ്മിററിയുടെ ആലോചനക്കായി അയച്ചുകൊടുത്തു.

(സി) കുഴുപ്പിള്ളിക്കു് ഒരു പ്രത്യേക പഞ്ചായത്തിന്റെ ആവശ്യകതയെപ്പററി കമ്മി ററി ശുപാർശ ചെയ്തിട്ടില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: കമ്മിററി ശുപാർശ ചെയ്തിട്ടില്ലെങ്കിലും അ തിനെപ്പററി ഒന്നുകൂടി അന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

റാവു ബഹദൂർ ടി. കെ. നായർ: ഈവക സംഗതികളെപ്പററി അന്വേഷിക്കാനാണു് കമ്മിററിയെ വച്ചിട്ടുള്ളതു്. കമ്മിററിക്കു ഈവക ആക്ഷേപങ്ങൾ കേൾക്കാൻ സൌകര്യം കൊടുത്തിട്ടുണ്ടു്. ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ വന്നിട്ടുള്ള സ്ഥലത്തുപോയി അന്വേഷി ച്ചിട്ടുണ്ടു്. കൊച്ചി രാജ്യത്തുള്ള എല്ലാ ദിക്കുകളിലും പോയി അന്വേഷണം നടത്തിയതി നുശേഷം ആകെ ഇതു പഞ്ചായത്തു വേണമെന്നു കമ്മിററി റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. ഇനി അതിന്മേൽ ഭേദഗതി വരുത്തുന്നതു് വളരെ ബുദ്ധിമുട്ടാണു്.

GRANT OF TIMBER TO EX-CHIEF JUSTICE MR. KRISHNASWAMY AYYANGAR

263. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ചീഫ് ജസ്റ്റീസു് മിസ്റ്റർ കൃഷ്ണസ്വാമി അയ്യങ്കാർക്കു ഗവർമ്മെണ്ടിൽനിന്നും സൌ ജന്യമായി നൽകപ്പെട്ട ൧൦൦ കണ്ടി തേക്കു് അദ്ദേഹം കൊച്ചിയിൽവെച്ചുതന്നെ വിററതാ യി ഗവർമ്മെണ്ടിന്റെ അറിവിൽ പെട്ടിട്ടുണ്ടോ;

(ബി) കണ്ടിക്കു് ൫൦൦ ക. വിലവെച്ചാണു് വിററതെന്നു കേൾക്കുന്നതു യഥാർത്ഥ മാണോ;

(സി) ഒരു കണ്ടി തേക്കിന്റെ മുഖ്യമായ കമ്പോളവില എത്രയാണു്;

(ഡി) അതിനേക്കാൾ കൂടുതലായൊ കുറവായൊ ചീഫ് ജസ്റ്റീസു് വില്പന നട ത്തിയതു്?

LIBRARY ARCHIVES Kerala Legislative Assembly

ചില പ്രത്യേകാവസരങ്ങളിൽ ചില ലയിനിൽ കൂടുതൽ ചാർജ്ജു് വാങ്ങിട്ടുള്ളതായി ആക്ഷേപമുണ്ടു്. ഇങ്ങിനെയുള്ള ആക്ഷേപം വന്നപ്പോൾ നാലമ്പുബസ്സുകാരുടെ ജി. പർമിറ്റ്തന്നെ സസ്പെൻറ ചെയ്തിട്ടുണ്ടു്. ഇങ്ങിനെ എല്ലാക്കാര്യങ്ങളിലും ഞങ്ങൾ ശ്രദ്ധിച്ചു വരുന്നുണ്ടു്. ട്രാഫിക്കുദ്യോഗസ്ഥന്മാർക്കുപുറമേ, ഞങ്ങൾതന്നെ ബസ്സുകൾ ചെക്കുചെയ്തു് അവക്കു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ടു്. റേറു കുറക്കണമെന്നു തോന്നിയപ്പോൾ, ഞങ്ങൾ അതിനെപ്പറ്റി ആലോചിച്ചു, മിനിമം ചാർജ്ജു് ർ൹. യാക്കിയിരുന്നതു് ന൹. യാക്കിട്ടുണ്ടു്. ആരെങ്കിലും ഈ നയം തെറ്റിക്കാവണ്ടോ എന്നു് ഞങ്ങൾ അനേക്ഷിക്കാവണ്ടു്. ഒരു ലയിനിൽ പത്തും നാല്പതും ബസ്സുള്ള ആളുകളുടെ സർവ്വിസ്സുണ്ടു്, ഒറ്റ ബസ്സുകാരുടെ സർവ്വീസ്സുണ്ടു് എന്നുവച്ചാൽ ഒരു കാര്യത്തിലും പത്തും നാല്പതും ബസ്സുള്ള ആളുകളോടു് യാതൊരനുകൂല മനസ്ഥിതിയും കാണിക്കാറില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുതന്നെയാണോ, ഗവൺമെണ്ടിൻെറ മറുപടി?

മിസ്റ്റർ കെ. ടി. അച്യുതൻ: ശ്രീമാൻ രാജു, അവർകളും, ബസ്സു് സർവ്വീസിനെപറ്റി ചില കാര്യങ്ങളും ഇവിടെ പറഞ്ഞതിനു ട്രാൻസ്പോർട്ടു് അതോറിട്ടിയിലെ ഒരു മെമ്പർ എന്ന നിലയിൽ, ഈ കാര്യങ്ങൾക്കു ഒരു ചൂണ്ടലക്കാരൻകൂടിയാണു് എന്ന നിലയിൽ ചില കാര്യങ്ങളും ഇവിടെ വിശദമാക്കേണ്ടതുണ്ടു്. അതുകൊണ്ടാണു് ഞാൻ ഇതുരയും പറഞ്ഞതു്. ഇതിനെപ്പറ്റി വേണ്ട നിർദ്ദേശങ്ങളും ഈ സഭ തരുകയാണെങ്കിൽ, അതു നടപ്പിൽ വരുത്തുവാൻ വളരെ കാര്യമായി ഞങ്ങൾ പ്രവർത്തിക്കാം. ട്രാൻസ്പോർട്ടു് അതോറിട്ടിയുടെ മീറ്റിങ്ങിൽവച്ചു ഈവകകാര്യങ്ങളെ സംബന്ധിച്ചു് ന്യായമായ തീരുമാനമെടുക്കാനുള്ള അനുവാദം ഞങ്ങൾക്കു തന്നില്ലെങ്കിൽ ഞങ്ങൾ ഇതിൽനിന്നു് ഒഴിയുന്നതാണെന്നു് മന്ത്രിയെ അറിയിക്കുകയുണ്ടായി. അതനുസരിച്ചു് ഞങ്ങൾക്കു യുക്തമാണെന്നു തോന്നുന്ന കാര്യങ്ങൾ തീരുമാനിക്കാനുള്ള അനുവാദം തന്നിട്ടുണ്ടു്. ഒരാൾക്കു് പത്തോ, ർ൦-തോ ബസ്സുണ്ടെന്നു വിചാരിച്ചു് അയാളെ ഉപദ്രവിക്കാൻ ഞങ്ങൾ തീർച്ചയാക്കീട്ടില്ല. ഒറ്റ ബസ്സുള്ള ആളുകളേയും ദ്രോഹിക്കാൻ ഞങ്ങൾ തീർച്ചയാക്കീട്ടില്ല. പൊതുജനങ്ങളുടെ സൌകര്യമനുസരിച്ചു, ട്രാഫിക്കു് നടത്തിക്കൊണ്ടു പോകാനുള്ള സകല ശ്രമങ്ങളും ചെയ്യണമെന്നു മാത്രമേ ഞങ്ങൾക്കു വിചാരമുള്ളൂ. ട്രാഫിക്കിൻെറ കാര്യത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ പണ്ടത്തേക്കാൾ വളരെ ഭേദപ്പെട്ടിട്ടുണ്ടെന്നാണു് എൻെറ അനുഭവം. തൃപ്പൂണിത്തുറ ലയിനിൽ വൈകുണിമുതൽ ൧൧ മണിവരെ ൧൦ മിനിറ്റു് ഇടവിട്ടു ബസ്സോടിക്കുന്നുണ്ടു്. സ്റ്റൻ-പേരെ കയറാവുന്ന വലിയ ബസ്സാണു് അവിടെ ഈ സമയങ്ങളിൽ ഓടിക്കുന്നതു്. പക്ഷേ, ഈ സമയം കഴിഞ്ഞാൽ രണ്ടും, മൂന്നും യാത്രക്കാരായിരിക്കും പിന്നെ ഉണ്ടാകുക. അതുപോലെ നാലു മണി മുതൽ ഇവിടെ നിന്നു് അങ്ങോട്ടും വലിയ തിരക്കാണു്. ഇതെല്ലാം ഞങ്ങൾ മനസ്സിലാക്കി, സ്റ്റൻ-പേക്കു കയറാവുന്ന ചില ബസ്സുകളുടെ സർവ്വീസ് നോട്ടുചെയ്തു തിരക്കുള്ള സമയങ്ങളിൽ ആ ബസ്സുകൾതന്നെ ഓടിക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ അങ്ങിനെ ഓടിക്കുന്നുണ്ടെന്നാണു് അറിയുന്നതു്. ട്രാഫിക്കിൻെറ കാര്യക്ഷമമായ നടത്തിപ്പിനു് ഈ നിയമസഭ ഏതെങ്കിലും നിർദ്ദേശം ഞങ്ങൾക്കു തരുകയാണെങ്കിൽ അതനുസരിച്ചു പ്രവർത്തിയ്ക്കാൻ ഞങ്ങൾ തയ്യാറാണെന്നു് ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

The House rose for the day at 5 p. m.

P. NARAYANA SWAMY

Secretary to the Council

APPENDIX I

(Please see answer to Question No. 260)

PROCEEDINGS OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF COCHIN

FOOD DEPARTMENT

Mr. M. J. Issac—Ex-Jaggery Purchase Officer at Kodumudi—Allegations against—Enquiry into

Read (1) letters M. 1-26218/21, dated 12th November 1946 and 27th November 1946 From the Director of Food Supplies, and

LIBRARY ARCHIVES Kerala Legislative Assembly

(2) Sarvadhikariakar's communication No. G. 2214/22, dated 23rd November 1946.

Order P. 11-15058/22 dated 30th November 1946

Mr. M. J. Issac, now Pulses Purchase Officer at Hyderabad, was for some time the Jaggery Purchase Officer at Kodumudi during the year 1121. Government received an anonymous petition against the conduct of this Officer containing among other complaints the allegation that this Officer used to receive illegal gratification in the shape of bribes from the suppliers of jaggery to the State. In view of the above allegations, Government got a preliminary and detailed enquiry conducted and they have now come to the conclusion that the allegations are not baseless. Serious charges having been disclosed in the enquiry against this Officer, Government propose to conduct a further enquiry as laid down in S. O. No. 86. Pending final orders on the proposed enquiry, Mr. M. J. Issac is placed under suspension.

2. The Director of Food Supplies will take further steps to give effect to the above order at once.

3. The Director of Food Supplies is requested to frame charges against this Officer and submit them for approval of Government before communicating the same to him for his explanation.

4. The Director's suggestion that no substitute is necessary at Hyderabad in the place of Mr. Issac, to be kept under suspension and entrust the work there for present to Messrs. Volkart Brothers is approved.

(By order of the Government of Cochin,
Ministry of Food and Education)
(Signed)
Chief Seeretary to Government

To

The Director of Food Supplies
" Copy to the Food Department
Comptroller of Finance and Accounts } except para three
" Gazette
" Information Officer } Paragraph one only.

APPENDIX II

(Please see answer to Question No. 261)

Copy of petition dated 24th February 1947 from Mr. M. J. Issac, State Officer for Pulses (Hyderabad) now under suspension

I have been working now in the Food Department of the State for the last four years. I was posted to several places in the State and also to several places in British India and my last designation was to Hyderabad, I regret to state for personal reasons that I am not able to serve in the Department anymore. May I hence request you kindly to accept this my resignation without prejudice to the possibility of future employment in the State Service.

PROCEEDINGS OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF COCHIN

FOOD DEPARTMENT

Mr. M. J. Issac—Jaggery Purchase Officer—Complaint against

Read again (1) Government Proceedings P-11-15058/1122, dated 29th November 1946.

(2) Petitions, dated 16th December 1946 and 16th January 1947 from Mr. M. J. Issac, B. A., B. L., Cochin State Officer for Pulses, Hyderabad (now under suspension) presented by Messrs. Thomas Manjuran, B.A. and B.L., and M. Bhaskara Menon, B.A., B.L., Advocates, Ernakulam.

(3) Letter M.1-26218/21, dated 29th December 1946 from the Director of Food Supplies.

and (4) Sarvadhikarriakar's communication G. 2214/22, dated 7th March 1947.

LIBRARY ARCHIVES Kerala Legislative Assembly

Order R. Dis. 23740/22, dated 12th March 1947

Mr. M. J. Issac, Cochin State Officer for Pulses at Hyderabad, was for some time the Jaggery Purchase Officer at Kodumudi during the year 1121. Government received an anonymous petion containing among other complaints that Mr. Issac, as Jaggery Purchase Officer at Kodumudi, used to receive illegal gratification in the shape of bribes from the suppliers of jaggery to the State. A preliminary enquiry was conducted about the allegations and Government came to the conclusion that the allegations were not baseless. Pending further enquiry as laid down in S. O. No. 86, Mr. Issac was kept under suspension and he continues to be so.

2. According to the provisions in the S. O., if an officer is found guilty of any charge in the discharge of his duties, definite charges have to be framed against him after detailed enquiry by the Head of the Department concerned and the officer himself has to be given a chance to offer his explanation on the various charges framed. Accordingly definite charges were framed and the officer's explanation called for.

3. At this stage Mr. Issac put in a petition in which he prayed that he might be saved from the worries and troubles of investigation. It is clear from this petition that he did not want to stand an enquiry. In the face of the report submitted by the Director of Food Supplies after conducting detailed investigation, Government have no doubt that Mr. Issac ought not to be allowed to continue in service.

4. Mr. Issac is a young and inexperienced man. It is a pity that he gave occasion for such serious complaints. He has offered to resign and go away from service. Under the circumstances and especially in view of the fact that the Director of Food Supplies has recommended that a lenient view may be taken about the case, Government are pleased to allow Mr. Issac to go out of State service as requested by him.

5. The petitioner's request to withdraw the demand made on him to deposit the amount of Rs. 843—13—5 cannot be sanctioned. He should deposit the amount forthwith.

6. The Director of Food Supplies is requested to realise the amount of Rs. 843—13—5 ordered to be made good from the petitioner as per Government Proceedings D. Dis. 42402/21, dated 11th November 1946 before he is allowed to go. Till the date on which this order takes effect, Mr. Issac will be under suspension.

(By order of the Government of Cochin,
Ministry of Food and Education)

A. MADHAVA PRABHU

Chief Secretary to Government

To

The Petitioner (paras 1 to 5 though Advocates)
The Comptroller of Finance and Accounts
The Director of Food Supplies
The Gazette (paras 1 to 4 only)
The Director of Publicity and Information (paras 1 to 4 only)

APPENDIX III

(Please see answer to Qusetion No. 282)

PROCEEDINGS OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF COCHIN

POST-WAR RECONSTRUCTION DEPARTMENT

House sites—Valas of Rameswaram—Request for

Read again (1) G. P. R4-16130/21, dated 2nd April 1946.
(2) Letters No. L1-5117/20, dated 11th July 1946, and 2nd August 1946 from the Diwan Peishkar.
(3) Sarvadhikariakar's communication G-43/1122, dated 20th August 1946.

LIBRARY ARCHIVES Kerala Legislative Assembly